
# വന്യജീവിവാരാഘോഷം 2015

## ഭൂമിയുടെ രക്ഷയ്ക്കുവേണ്ടി, ജീവന്റെ നിലനിൽപിനുവേണ്ടി



# എ. വി. അഭിജിത്തിന്റെ ഫോട്ടോപ്രദർശനം

## സെമിനാറുകൾ

**2015 ഒക്ടോബർ 4 മുതൽ 6 വരെ**
**സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ**

കേരളാ ഗവണ്മെന്റ് വനം – വന്യജീവി വകുപ്പ്
വയനാട് പ്രകൃതിസംരക്ഷണ സമിതി
ദേശീയ ഹരിതസേന

## വന്യജീവി വാരാഘോഷം 2015

## ഭൂമിയുടെ രക്ഷയ്ക്കുവേണ്ടി, ജീവന്റെ നിലനിൽപിനുവേണ്ടി

ജനസംഖ്യാസ്ഫോടനവും അതിവികസനവും (Over development) ചേർന്ന് ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കിയിരിക്കുന്നു. ഇന്നത്തെ പോക്ക് തുടർന്നാൽ ഭൂമിയിൽ ഇപ്പോഴുള്ള വലിയ ജീവികൾ– ഇതിൽ മനുഷ്യനും പെടുന്നു– ഏതാണ്ട് ഒന്നടങ്കം വംശനാശമടയുന്ന കാലം വിദൂരമല്ലെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഒരു കൂട്ടവംശനാശത്തിന്റെ നടുവിലാണ് ഭൂമിയിപ്പോൾ. ഭൂമിയുടെ ഏക അവകാശിയാണ് മനുഷ്യനെന്നും മറ്റെല്ലാ ജീവജാലങ്ങളും മനുഷ്യന്റെ ഭോഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണെന്നുമുള്ള ചിന്താഗതിയാണ് നമ്മെ ഇവിടെ കൊണ്ടെത്തിച്ചത്. ഈ വികല ചിന്താഗതിക്കെതിരായ കലാപമാണ് യഥാർത്ഥ വന്യജീവിവാരാഘോഷം. മനുഷ്യന് മാത്രമല്ല, പുൽകൾക്കും പുഴുക്കൾക്കുമെല്ലാം ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് അംഗീകരിക്കുമ്പോൾ മാത്രമേ ഗാന്ധിജയന്തിയോടൊപ്പം വരുന്ന വന്യജീവിവാരാഘോഷം സാർത്ഥകമാവുന്നുള്ളൂ. വന്യജീവിവാരത്തിന്റെ ഈ സന്ദേശം വിളംബരം ചെയ്യുന്നതിനുവേണ്ടി, വനം വന്യജീവിവകുപ്പ് (സാമൂഹ്യ വനവൽക്കരണ വിഭാഗം) ന്റേയും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടേയും ദേശീയ ഹരിതസേനയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ 2015 ഒക്ടോബർ 4 മുതൽ 6 വരെ, വന്യജീവി ഫോട്ടോപ്രദർശനവും വിവിധ വിഷയങ്ങളിൽ സെമിനാറുകളും സംഘടിപ്പിക്കുന്നു. പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിയായ എ.വി. അഭിജിത്തിന്റെ ഫോട്ടോപ്രദർശനം ലോക പ്രസിദ്ധ വന്യജീവി ഫോട്ടോഗ്രാഫർ ടി.എൻ.എ. പെരുമാൾ ഉദ്ഘാടനം ചെയ്യും.

പരിപാടികളിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സംഘാടക സമിതി

## വന്യജീവി വാരാഘോഷം 2015

## കാര്യപരിപാടി

**04.10.2015 ഞായർ 3 മണി ഉദ്ഘാടനസമ്മേളനം**

| | |
|---|---|
| സ്വാഗതം | : ശ്രീ. കെ.വി. ഉത്തമൻ (ഡെ.കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൽപ്പറ്റ) |
| അദ്ധ്യക്ഷൻ | : ശ്രീ. ഒ. എം. ജോർജ്ജ് (പ്രസിഡന്റ്, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്) |
| ഉദ്ഘാടനം | : ശ്രീ. ടി.എൻ.എ. പെരുമാൾ |
| ആശംസകൾ | : ശ്രീ. എസ്. മോഹനൻപിള്ള (ഐ.എഫ്.എസ്.–വൈൽഡ്ലൈഫ് വാർഡൻ, വയനാട്) |
| | : ശ്രീ. സി. ജയരാജൻ (ദേശീയ ഹരിതസേന) |
| | : പ്രൊഫ. ടി. മോഹൻബാബു |
| നന്ദി | : ശ്രീ. എൻ ബാദുഷ |

**ദേശീയ ഗജദിനം – ഒക്ടോബർ 4 ഞായറാഴ്ച**

**വൈകുന്നേരം 4 മണിക്ക് സെമിനാർ**

| | |
|---|---|
| സ്വാഗതം | : ശ്രീ. എം.ടി. ഹരിലാൽ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി) |
| അദ്ധ്യക്ഷൻ | : ശ്രീ. എം. ഗംഗാധരൻ |
| വിഷയം | : ആനകളുടെ സംരക്ഷണ പ്രാധാന്യം |
| അവതരണം | : ഡോ. അരുൺസഖറിയ (അസി. പ്രൊഫസർ, കെ.വി.എ.എസ്.യു) |
| | : ചർച്ച – ശ്രീ. പി.കെ. ഉത്തമൻ |
| നന്ദി | : ശ്രീ. തോമസ് അമ്പലവയൽ |
| | : 5.10.2015 തിങ്കൾ വൈകുന്നേരം 5 മണിക്ക് സെമിനാർ |
| സ്വാഗതം | : ശ്രീ. ജസ്റ്റിൻ പ്രകാശ് |
| അദ്ധ്യക്ഷൻ | : ശ്രീ. പി.എം. സുരേഷ് (റിട്ടയേഡ് എ.സി.എഫ്) |
| വിഷയം | : തവളകളുടെ തിരോധാനം–കൂട്ടവംശനാശത്തിന്റെ സൂചന |
| അവതരണം | : ഡോ. അനിൽസഖറിയ |
| വിഷയം | : ജീവജാലങ്ങളുടെ കൂട്ടവംശനാശം |
| അവതരണം | : ശ്രീ. പി.കെ. ഉത്തമൻ |
| | ചർച്ച |
| നന്ദി | : ശ്രീ. ടി. ശശികുമാർ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) |
| | : 6.10.2015 ചൊവ്വ വൈകുന്നേരം 5 മണിക്ക് സെമിനാർ |
| സ്വാഗതം | : ശ്രീ. സണ്ണി മരക്കടവ് |
| അദ്ധ്യക്ഷൻ | : ശ്രീ. ബാബു മൈലമ്പാടി |
| വിഷയം | : തണ്ണീർതട സംരക്ഷണം |
| അവതരണം | : ശ്രീ. കെ.വി. ഉത്തമൻ (ഡെ. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വയനാട് ഡിവിഷൻ) |
| | : ചർച്ച |
| നന്ദി | : ശ്രീ. ഗോപാലകൃഷ്ണൻ സി.എ |

**ഫോട്ടോ എക്സിബിഷൻ എല്ലാ ദിവസവും**
**കാലത്ത് 10 മണി മുതൽ വൈകുന്നേരം 7 മണി വരെ**



# എ. വി. അഭിജിത്തിന്റെ ഫോട്ടോപ്രദർശനം

## സെമിനാറുകൾ

2015 ഒക്ടോബർ 4 മുതൽ 6 വരെ

സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ

കേരളാ ഗവണ്മെന്റ് വനം – വന്യജീവി വകുപ്പ്

വയനാട് പ്രകൃതിസംരക്ഷണ സമിതി

ദേശീയ ഹരിതസേന

വന്യജീവിവാരാഘോഷം 2015

## ഭൂമിയുടെ രക്ഷയ്ക്കുവേണ്ടി, ജീവന്റെ നിലനില്പിനുവേണ്ടി



# എ.വി.അഭിജിത്തിന്റെ ഫോട്ടോപ്രദർശനം

## സെമിനാറുകൾ

2015 ഒക്ടോബർ 4 മുതൽ 6 വരെ
സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ

കേരളാ ഗവൺമെന്റ് വനം-വന്യജീവി വകുപ്പ്
വയനാട്ട് പ്രകൃതിസംരക്ഷണ സമിതി
ദേശീയ ഹരിതസേന

**വന്യജീവി വാരാഘോഷം 2015**
**ഭൂമിയുടെ രക്ഷയ്ക്കുവേി, ജീവന്റെ നിലനില്പിനുവേി**

ജനസംഖ്യാസ്ഫോടനവും അതിവികസനവും (over development) ചേർന്ന് ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കിയിരിക്കുന്നു. ഇന്നത്തെ പോക്ക് തുടർന്നാൽ ഭൂമിയിൽ ഇപ്പോഴുളള വലിയ ജീവികൾ- ഇതിൽ മനുഷ്യനും പെടുന്നു. ഏതാ് ഒന്നടങ്കം വംശനാശമടയുന്ന കാലം വിദൂരമല്ലെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഒരു കൂട്ടവംശനാശത്തിന്റെ നടുവിലാണ് ഭൂമിയിപ്പോൾ. ഭൂമിയുടെ ഏക അവകാശിയാണ് മനുഷ്യനെന്നും മറ്റെല്ലാ ജീവജാലങ്ങളും മനുഷ്യന്റെ ഭോഗത്തിനുവേി സൃഷ്ടിക്കപ്പെട്ടിട്ടുളളവയാണെന്നുമുള്ള ചിന്താഗതിയാണ് നമ്മെ ഇവിടെ കൊത്തെിച്ചത്. ഈ വികല ചിന്താഗതിക്കെതിരായ കലാപമാണ് യഥാർത്ഥ വന്യജീവിവാരാഘോഷം. മനുഷ്യന് മാത്രമല്ല, പുൽകൾക്കും പുഴുക്കൾക്കുമെല്ലാം ഭൂമിയിൽ ജീവിക്കാൻ അവകാശമുന്നെ് അംഗീകരിക്കുമ്പോൾ മാത്രമേ ഗാന്ധിജയന്തിയോടൊപ്പം വരുന്ന വന്യജീവിവാരാഘോഷം സാർത്ഥകമാവുന്നുളളൂ. വന്യജീവിവാരത്തിന്റെ ഈ സന്ദേശം വിളംബരം ചെയ്യുന്നതിനുവേി, വനം വന്യജീവിവകുപ്പ് (സാമൂഹ്യവനവൽക്കരണ വിഭാഗം) ന്റേയും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെയും ദേശീയ ഹരിതസേനയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ 2015 ഒക്ടോബർ 4 മുതൽ 6 വരെ, വന്യജീവി ഫോട്ടോപ്രദർശനവും വിവിധ വിഷയങ്ങളിൽ സെമിനാറുകളും സംഘടിപ്പിക്കുന്നു. പന്ത്രാം ക്ലാസ് വിദ്യാർത്ഥിയായ എ.വി.അഭിജിത്തിന്റെ ഫോട്ടോപ്രദർശനം ലോകപ്രസിദ്ധ വന്യജീവി ഫോട്ടോഗ്രാഫർ **ടി.എൻ.എ.പെരുമാൾ** ഉദ്ഘാടനം ചെയ്യും

പരിപാടികളിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**സംഘാടക സമിതി**

## വന്യജീവി വാരാഘോഷം 2015
## കാര്യപരിപാടി

**4.10.2015 ഞായർ 3 മണി ഉദ്ഘാടന സമ്മേളനം**

സ്വാഗതം : **ശ്രീ. കെ. വി. ഉത്തമൻ** ഡെപ്യൂട്ടി കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൽപ്പറ്റ
അദ്ധ്യക്ഷൻ : **ശ്രീ. ഒ. എം. ജോർജ്ജ്**, പ്രസിഡ്, സു.ബത്തേരി ഗ്രാമപഞ്ചായത്ത്
ഉൽഘാടനം : **ശ്രീ. ടി. എൻ. എ. പെരുമാൾ,**
ആശംസകൾ : **ശ്രീ. എസ്. മോഹനൻപിളള, ഐ.എഫ്.എസ്**
വൈൽഡ്ലൈഫ് വാർഡൻ, വയനാട്
: **ശ്രീ. സി. ജയരാജൻ,**
ദേശിയ ഹരിതസേന
: **പ്രെഫ. ടി. മോഹൻബാബു**
നന്ദി : **ശ്രീ. എൻ. ബാദുഷ**

**ദേശീയ ഗജദിനം ഒക്ടോബർ – 4 ഞായർ വൈകുന്നേരം 4 മണി**

: **സെമിനാർ** :
സ്വാഗതം : **ശ്രീ. എം. ടി. ഹരിലാൽ**
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി
അദ്ധ്യക്ഷൻ : **എം. ഗംഗാധരൻ**
വിഷയാവതരണം : **ആനകളുടെ സംരക്ഷണ പ്രാധാന്യം**
:**ഡോ. അരുൺസഖറിയ** അസി.പ്രെഫസർ, കെ.വി.എ.എസ്.യു
: ചർച്ച: - പി.കെ. ഉത്തമൻ
നന്ദി : **തോമസ് അമ്പലവയൽ**

**സെമിനാർ : 5.10.2015 തിങ്കളാഴ്ച വൈകുന്നേരം 5 മണി**

സ്വാഗതം : **ജസ്റ്റിൻ പ്രകാശ്**
അദ്ധ്യക്ഷൻ : **പി. എം. സുരേഷ്** (റിട്ടയേഡ് എ.സി.എഫ്)
വിഷയാവതരണം : **തവളകളുടെ തിരോധാനം – കൂട്ട വംശനാശത്തിന്റെ സൂചന**
: **ഡോ. അനിൽസഖറിയ**
: **ജീവജാലങ്ങളുടെ കൂട്ടവംശനാശം**
: **ശ്രീ. പി. കെ. ഉത്തമൻ**
: ചർച്ച
നന്ദി : ശ്രീ.ടി. **ശശികുമാരൻ**, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

**സെമിനാർ 6.10.2015 ചൊവ്വ വൈകുന്നേരം 5 മണി**

സ്വാഗതം : **സണ്ണ– മരക്കടവ്**
അദ്ധ്യക്ഷൻ : **ബാബു മൈലമ്പാടി**
വിഷയം : **തണ്ണീർതട സംരക്ഷണം**
അവതരണം : **ശ്രീ. കെ. വി. ഉത്തമൻ**
ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റസ് വയനാട് ഡിവിഷൻ
: ചർച്ച
നന്ദി : **ഗോപാലകൃഷ്ണൻ .സി.എ.**

**ഫോട്ടോ എക്സിബിഷൻ എല്ലാ ദിവസവും**
**കാലത്ത് 10 മണിമുതൽ വൈകുന്നേരം 7 മണിവരെ**



# എ.വി.അഭിജിത്തിന്റെ ഫോട്ടോപ്രദർശനം


## സെമിനാറുകൾ

2015 ഒക്ടോബർ 4 മുതൽ 6 വരെ
സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ

കേരളാ ഗവൺമെന്റ് വനം-വന്യജീവി വകുപ്പ്
വയനാട്ട് പ്രകൃതിസംരക്ഷണ സമിതി
ദേശീയ ഹരിതസേന

# വന്യജീവിവാരാഘോഷം 2015

## ഭൂമിയുടെ രക്ഷയ്ക്കുവേണ്ടി, ജീവന്റെ നിലനിൽപിനുവേണ്ടി



# എ. വി. അഭിജിത്തിന്റെ ഫോട്ടോപ്രദർശനം

## സെമിനാറുകൾ

**2015 ഒക്ടോബർ 4 മുതൽ 6 വരെ**
**സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ**

കേരളാ ഗവണ്മെന്റ് വനം – വന്യജീവി വകുപ്പ്
വയനാട് പ്രകൃതിസംരക്ഷണ സമിതി
ദേശീയ ഹരിതസേന

**വന്യജീവി വാരാഘോഷം 2015**
**ഭൂമിയുടെ രക്ഷയ്ക്കുവേണ്ടി, ജീവന്റെ നിലനിൽപിനുവേണ്ടി**

ജനസംഖ്യാസ്ഫോടനവും അതിവികസനവും (Over development) ചേർന്ന് ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കിയിരിക്കുന്നു. ഇന്നത്തെ പോക്ക് തുടർന്നാൽ ഭൂമിയിൽ ഇപ്പോഴുള്ള വലിയ ജീവികൾ– ഇതിൽ മനുഷ്യനും പെടുന്നു– ഏതാണ്ട് ഒന്നടങ്കം വംശനാശമടയുന്ന കാലം വിദൂരമല്ലെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഒരു കൂട്ടവംശനാശത്തിന്റെ നടുവിലാണ് ഭൂമിയിപ്പോൾ. ഭൂമിയുടെ ഏക അവകാശിയാണ് മനുഷ്യനെന്നും മറ്റെല്ലാ ജീവജാലങ്ങളും മനുഷ്യന്റെ ഭോഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണെന്നുമുള്ള ചിന്താഗതിയാണ് നമ്മെ ഇവിടെ കൊണ്ടെത്തിച്ചത്. ഈ വികല ചിന്താഗതിക്കെതിരായ കലാപമാണ് യഥാർത്ഥ വന്യജീവിവാരാഘോഷം. മനുഷ്യന് മാത്രമല്ല, പുൽകൾക്കും പുഴുക്കൾക്കുമെല്ലാം ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് അംഗീകരിക്കുമ്പോൾ മാത്രമേ ഗാന്ധിജയന്തിയോടൊപ്പം വരുന്ന വന്യജീവിവാരാഘോഷം സാർത്ഥകമാവുന്നുള്ളൂ. വന്യജീവിവാരത്തിന്റെ ഈ സന്ദേശം വിളംബരം ചെയ്യുന്നതിനുവേണ്ടി, വനം വന്യജീവിവകുപ്പി (സാമൂഹ്യ വനവൽക്കരണ വിഭാഗം) ന്റേയും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടേയും ദേശീയ ഹരിതസേനയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ 2015 ഒക്ടോബർ 4 മുതൽ 6 വരെ, വന്യജീവി ഫോട്ടോപ്രദർശനവും വിവിധ വിഷയങ്ങളിൽ സെമിനാറുകളും സംഘടിപ്പിക്കുന്നു. പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിയായ എ.വി. അഭിജിത്തിന്റെ ഫോട്ടോപ്രദർശനം ലോക പ്രസിദ്ധ വന്യജീവി ഫോട്ടോഗ്രാഫർ ടി.എൻ.എ. പെരുമാൾ ഉദ്ഘാടനം ചെയ്യും.

പരിപാടികളിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സംഘാടക സമിതി

## വന്യജീവി വാരാഘോഷം 2015
## കാര്യപരിപാടി

**04.10.2015 ഞായർ 3 മണി ഉദ്ഘാടനസമ്മേളനം**

| | |
|---|---|
| സ്വാഗതം | : ശ്രീ. കെ.വി. ഉത്തമൻ (ഡെ.കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൽപ്പറ്റ) |
| അദ്ധ്യക്ഷൻ | : ശ്രീ. ഒ. എം. ജോർജ്ജ് (പ്രസിഡന്റ്, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്) |
| ഉദ്ഘാടനം | : ശ്രീ. ടി.എൻ.എ. പെരുമാൾ |
| ആശംസകൾ | : ശ്രീ. എസ്. മോഹനൻപിള്ള (ഐ.എഫ്.എസ്. – വൈൽഡ്‌ലൈഫ് വാർഡൻ, വയനാട്) |
| | : ശ്രീ. സി. ജയരാജൻ (ദേശീയ ഹരിതസേന) |
| | : പ്രൊഫ. ടി. മോഹൻബാബു |
| നന്ദി | : ശ്രീ. എൻ ബാദുഷ |

**ദേശീയ ഗജദിനം – ഒക്ടോബർ 4 ഞായറാഴ്ച**
**വൈകുന്നേരം 4 മണിക്ക് സെമിനാർ**

| | |
|---|---|
| സ്വാഗതം | : ശ്രീ. എം.ടി. ഹരിലാൽ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി) |
| അദ്ധ്യക്ഷൻ | : ശ്രീ. എം. ഗംഗാധരൻ |
| വിഷയം | : ആനകളുടെ സംരക്ഷണ പ്രാധാന്യം |
| അവതരണം | : ഡോ. അരുൺസഖറിയ (അസി. പ്രൊഫസർ, കെ.വി.എ.എസ്.യു) |
| | : ചർച്ച – ശ്രീ. പി.കെ. ഉത്തമൻ |
| നന്ദി | : ശ്രീ. തോമസ് അമ്പലവയൽ |
| | : 5.10.2015 തിങ്കൾ വൈകുന്നേരം 5 മണിക്ക് സെമിനാർ |
| സ്വാഗതം | : ശ്രീ. ജസ്റ്റിൻ പ്രകാശ് |
| അദ്ധ്യക്ഷൻ | : ശ്രീ. പി.എം. സുരേഷ് (റിട്ടയേഡ് എ.സി.എഫ്) |
| വിഷയം | : തവളകളുടെ തിരോധാനം–കൂട്ടവംശനാശത്തിന്റെ സൂചന |
| അവതരണം | : ഡോ. അനിൽസഖറിയ |
| വിഷയം | : ജീവജാലങ്ങളുടെ കൂട്ടവംശനാശം |
| അവതരണം | : ശ്രീ. പി.കെ. ഉത്തമൻ |
| | ചർച്ച |
| നന്ദി | : ശ്രീ. ടി. ശശികുമാർ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) |
| | : 6.10.2015 ചൊവ്വ വൈകുന്നേരം 5 മണിക്ക് സെമിനാർ |
| സ്വാഗതം | : ശ്രീ. സണ്ണി മരക്കടവ് |
| അദ്ധ്യക്ഷൻ | : ശ്രീ. ബാബു മൈലമ്പാടി |
| വിഷയം | : തണ്ണീർതട സംരക്ഷണം |
| അവതരണം | : ശ്രീ. കെ.വി. ഉത്തമൻ (ഡെ. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വയനാട് ഡിവിഷൻ) |
| | : ചർച്ച |
| നന്ദി | : ശ്രീ. ഗോപാലകൃഷ്ണൻ സി.എ |

**ഫോട്ടോ എക്സിബിഷൻ എല്ലാ ദിവസവും**
**കാലത്ത് 10 മണി മുതൽ വൈകുന്നേരം 7 മണി വരെ**



# എ. വി. അഭിജിത്തിന്റെ ഫോട്ടോപ്രദർശനം

## സെമിനാറുകൾ

2015 ഒക്ടോബർ 4 മുതൽ 6 വരെ
സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ

കേരളാ ഗവണ്മെന്റ് വനം – വന്യജീവി വകുപ്പ്
വയനാട് പ്രകൃതിസംരക്ഷണ സമിതി
ദേശീയ ഹരിതസേന

# സഞ്ചാരിപ്രാവ്

## വംശനാശത്തിന്റെ ശതാബ്ദി



## എ.വി. അഭിജിത്തിന്റെ
## പക്ഷി ഫോട്ടോ പ്രദർശനം

## ഡോ. മയിൽവാഹനൻ
## അനുസ്മരണം

ഫിബ്രുവരി 19 മുതൽ 22 വരെ

## സെമിനാർ: ആറാം കൂട്ടവംശനാശം

ഫിബ്രുവരി 21 – 22

സുൽത്താൻ ബത്തേരി ബ്രൈറ്റ് സ്കൂൾ ഓഡിറ്റോറിയം
(ഐശ്വര്യമാൾ)

---

വയനാട് പ്രകൃതിസംരക്ഷണസമിതി

# സഞ്ചാരി പ്രാവിന്റെ ഓർമ്മയ്ക്ക്

അമേരിക്കൻ ഐക്യനാടുകളിലെ സിൻസിനാറ്റി മൃഗശാലയിൽ കൂട്ടിലിട്ട് വളർത്തിയിരുന്ന മാർത്ത എന്ന പെൺപിറാവ് 1914 സെപ്റ്റംബർ 1 ന് മരിച്ചു. അതോടെ സഞ്ചാരി പ്രാവ് (Passenger Pigeon - *Ectopistes Migratorius*) എന്ന പക്ഷിജാതി ഭൂമുഖത്ത് നിന്ന് എന്നെന്നേയ്ക്കുമായി അപ്രത്യക്ഷമായി-വംശനാശമടഞ്ഞു. ഭൂമിയുടെ ചരിത്രത്തിൽ, അംഗസഖ്യയിൽ ഒന്നാം സ്ഥാനത്ത് എത്തിയ പക്ഷിയാണ് സഞ്ചാരിപ്രാവ്. വലിയ പറ്റങ്ങളായി നീങ്ങുന്ന സ്വഭാവമുള്ള സഞ്ചാരി പ്രാവ് ഒരു പ്രദേശത്തിന് മുകളിലൂടെ പറന്ന് പോകുമ്പോൾ അവിടമാകെ, പൂർണ്ണസൂര്യഗ്രഹണ സമയത്തെന്നപോലെ ഇരുളിലാണ്ടു പോകുമായിരുന്നു. സൂര്യഗ്രഹണം പോലെ ഏതാനും മിനിറ്റുകളല്ല മണിക്കൂറുകളോളം; ചിലപ്പോൾ ദിവസങ്ങളോളം. പകലും രാത്രിയും. 1800-ൽ കെന്റുകിയുടെ ആകാശത്തിലൂടെ കടന്നുപോയ ഒരു പക്ഷിക്കൂട്ടത്തിൽ 223 കോടി സഞ്ചാരി പ്രാവുകൾ ഉണ്ടായിരുന്നു എന്ന് ആദ്യകാല പ്രകൃതി ശാസ്ത്രജ്ഞൻ അലക്സാണ്ടർ വിൽസൻ രേഖപ്പെടുത്തിയിരിക്കുന്നു.

പക്ഷേ, വെള്ളക്കാരൻ അമേരിക്കയിൽ കാലുറപ്പിച്ച് ഒന്നര നൂറ്റാണ്ടിനകം സഞ്ചാരി പ്രാവ് നാമാവശേഷമായി. ഇറച്ചിയ്ക്കും തൂവലിനും വേണ്ടി മാത്രമല്ല, വിനോദത്തിന് വേണ്ടിവരെ പ്രാവുകളെ കുടിയേറ്റക്കാർ കൊന്നൊടുക്കി. തോക്കും, കവണയും, കഴയും, വലയും എല്ലാം ആയുധങ്ങളായി. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും എവിടേയും പ്രാവുകൾ വേട്ടയാടപ്പെട്ടു. ഏറ്റവും ഒടുവിൽ, 1878 മാർച്ചിനും ആഗസ്റ്റിനും ഇടയ്ക്ക്, മിഷിഗൻ സ്റ്റേറ്റിലെ പെറ്റോസ്കി എന്ന സ്ഥലത്ത് കൂടുകെട്ടിയിരുന്ന 100 കോടി പ്രാവുകളെയും പ്രാവിൻ കുഞ്ഞുങ്ങളെയുമാണ് കശാപ്പു ചെയ്തത്.

ബന്ധനത്തിലുള്ള പക്ഷികളെ പറത്തിവിട്ടിട്ട് വെടിവെച്ചിടുന്ന മത്സരങ്ങൾ അമേരിക്കയിൽ വലിയൊരു വിനോദവ്യവസായമായി വികസിച്ചു. 1825-നും 1880-നും ഇടയ്ക്ക് ഈ ആവശ്യത്തിനായി പ്രതിവർഷം 2.5-5.0 ലക്ഷം പക്ഷികളെ പിടിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു.

പെറ്റോസ്കിയിലെ 1878-ലെ കൂട്ടക്കൊല അത്തരത്തിലുള്ള നീണ്ടൊരു പരമ്പരയിലെ അവസാനത്തേതായിരുന്നു. അതോടുകൂടി വലിയ പ്രജനനകേന്ദ്രങ്ങൾ അവസാനിച്ചു. അങ്ങിങ്ങ് ചെറിയ ചില സംഘങ്ങൾ മാത്രം പ്രത്യക്ഷപ്പെട്ടു. മനുഷ്യന്റെ കണ്ണിൽപെട്ടവയെല്ലാം തോക്കിനിരയാവുകയും ചെയ്തു.

വേട്ട മാത്രമായിരുന്നുവെങ്കിൽ സഞ്ചാരി പ്രാവ് ഇത്രപെട്ടെന്ന് അവസാനിക്കുമായിരുന്നില്ല. അതിന്റെ ആവാസ വ്യവസ്ഥയ്ക്കുണ്ടാക്കിയ നാശം വംശനാശത്തിന്റെ വേഗം വർദ്ധിപ്പിച്ചു. പ്രാവുകൾ കൂടുകെട്ടിയിരുന്ന മരങ്ങൾ അരിഞ്ഞു വീഴ്ത്തുന്നതാണ് കുഞ്ഞുങ്ങളെ പിടിക്കാൻ ഏറ്റവും എളുപ്പമുമുള്ള മാർഗ്ഗം. കൃഷിയ്ക്കുവേണ്ടിയും ധാരാളം കാട് തെളിക്കപ്പെട്ടു. ഇതോടെ പ്രാവുകൾക്ക് നിൽക്കക്കള്ളിയില്ലാതായി. ആയിരത്തി തൊള്ളായിരത്തിന് ശേഷം ആരും സഞ്ചാരി പ്രാവിനെ സ്വതന്ത്രമായി കണ്ടിട്ടില്ല. ചില മൃഗശാലകളിൽ ഏതാനും പ്രാവുകൾ അവശേഷിച്ചു. അവയിൽ ഒടുവിലെത്തേതായിരുന്നു മാർത്ത.

സഞ്ചാരി പ്രാവിന്റെ കഥ ഒറ്റപ്പെട്ട സംഭവമല്ല. അമേരിക്കയിൽ തന്നെ കരോളിനാ തത്തയും ( Carolina Parakeet ), ദന്തച്ചുണ്ടൻ മരംകൊത്തിയും ( Ivorybilled Woodpecker), ഹീത്ത് ഹെന്നും ( HeathHen) മറ്റും തൊട്ടുപിന്നാലെ പോയി. അമേരിക്കയിൽ മാത്രമല്ല, ലോകം മുഴുവൻ ഇതു തന്നെ സംഭവിച്ചു കൊണ്ടിരിക്കുന്നു. പക്ഷികൾക്ക് മാത്രമല്ല, മറ്റു മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഒന്നിനും രക്ഷയില്ല. ദിവസം ഒരു ജൈവജാതി വീതം ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണെന്ന് 1984-ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ, സുപ്രസിദ്ധ പരിസ്ഥിതി ശാസ്ത്രജ്ഞൻ നോർമൻ മെയേഴ്സ് കണക്കാക്കിയിരിക്കുന്നു.


ഭൂമി വമ്പിച്ചൊരു കൂട്ട വംശനാശത്തിന്റെ ജ്വരമൂർച്ഛയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ് എന്നർത്ഥം. ഇതിന് മുമ്പുണ്ടായ അഞ്ച് കൂട്ട വംശനാശങ്ങൾക്കും കാരണം പ്രകൃതിയിലുണ്ടായ വമ്പിച്ച മാറ്റങ്ങളോ ഉൽക്കാപതനം പോലുള്ള അപകടങ്ങളോ ആയിരുന്നു. ഈ ആറാമത്തെ കൂട്ട വംശനാശത്തിന് കാരണം ഒരൊറ്റ മൃഗമാണ് - മനുഷ്യൻ ( ഹോമോസാപിയൻസ് ). ഡൈനോസോറുകളുടെ സമ്പൂർണ്ണ തിരോധാനത്തിന് കാരണമായ, ആറരക്കോടി വർഷംമുമ്പുണ്ടായ, കൂട്ട വംശനാശത്തിൽ ആയിരം വർഷത്തിൽ ഒരു ജൈവജാതിയെന്ന കണക്കിലാണ് തിരോഭവിച്ചത് എന്ന് മെയേഴ്സ് ചൂണ്ടിക്കാട്ടുന്നു. ഇപ്പോഴത്തെ കൂട്ടവംശനാശം ഒരു രോഗമല്ല. ഭൂമിയെ ബാധിച്ചിരിക്കുന്ന കടുത്ത രോഗത്തിന്റെ ലക്ഷണങ്ങളിലൊന്നാണ്. ഈ രോഗം മൂലം ഭൂമിയിലെ ജീവൻ അപ്പാടെ അസ്തമിച്ചില്ലെങ്കിലും, മനുഷ്യനടക്കം ബഹുഭൂരിപക്ഷം ജീവികളും സഞ്ചാരി പ്രാവിനെപ്പോലെ മറവിയിലാണ്ടുപോകുന്ന കാലം വിദൂരമല്ല. ഇതത്രേ സഞ്ചാരി പ്രാവിന്റെ വംശനാശത്തിന്റെ ശതാബ്ദി നൽകുന്ന സന്ദേശം.

മനുഷ്യന്റെ അത്യാർത്ഥിയും അവിവേകവും മൂലം സംഭവിക്കാൻ പോകുന്ന ആറാം കൂട്ടവംശനാശത്തിന്റെ വ്യാകുലതകൾ പങ്കുവയ്ക്കുന്നതിനും ബോധവൽക്കരണത്തിനുമായാണ് എ.വി.അഭിജിത്തിന്റെ പക്ഷിചിത്രങ്ങളുടെ എക്സിബിഷനും ദ്വിദിനസെമിനാറും സംഘടിപ്പിക്കുന്നത്. എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

---

എൻ. ബാദുഷ (പ്രസിഡണ്ട് വയനാട് പ്രകൃതി സംരക്ഷണ സമിതി)

19.02.2015



എ.വി. അഭിജിത്തിന്റെ
പക്ഷി ഫോട്ടോ പ്രദർശനവും
ഡോ. മയിൽവാഹനൻ ആനുസ്മരണവും

ഉദ്ഘാടനം: ശ്രീ. ടി.എൻ.എ. പെരുമാൾ
ഫിബ്രുവരി 19 ന് 2 PM

അദ്ധ്യക്ഷൻ: ശ്രീ. പ്രമോദ് ജി. കൃഷ്ണൻ IFS
ആശംസകൾ: ശ്രീ. ധനേഷ് കുമാർ DFO
പ്രൊഫ: ടി. മോഹൻബാബു
ശ്രീ. സി. ജയരാജൻ(എൻ.ജി.സി)
സചിത്ര പ്രഭാഷണം: ശ്രീ. കെ.ജയറാം

**ഫിബ്രുവരി 20 വൈകു: 6 മണി**
**സചിത്ര പ്രഭാഷണം : പ്രവീൺ മോഹൻദാസ്**

**ഫിബ്രുവരി 21 ശനി: 2 മണി**

## സെമിനാർ : ആറാം കൂട്ടവംശനാശം

ഉദ്ഘാടനം: പ്രൊ. എം. കെ. പ്രസാദ്

അദ്ധ്യക്ഷൻ: പ്രൊഫ: കൽപ്പറ്റ നാരായണൻ

മുഖ്യപ്രഭാഷണം: ഡോ.എസ്. ശാന്തി

പ്രബന്ധങ്ങൾ:

1. ഡോ. സി.കുഞ്ഞിക്കണ്ണൻ IFGTD, കോയമ്പത്തൂർ (സസ്യങ്ങൾ)
2. പ്രൊ. ഇ. കുഞ്ഞികൃഷ്ണൻ (ഷഡ്പദങ്ങൾ- ചെറുജീവികൾ)
3. സചിത്ര പ്രഭാഷണം: സുപ്രഭാ ശേഷൻ (വന്യ സസ്യങ്ങൾ)

**ഫിബ്രുവരി 22 ഞായർ 9 മണി**

മോഡറേറ്റർ ശ്രീ. ടി.പി. പത്മനാഭൻ

പ്രബന്ധങ്ങൾ:

1. ഡോ. ഉല്ലാസ് കാരന്ത് (കടുവകൾ)
2. ഡോ. അരുൺ സഖറിയ ( ഏഷ്യൻ ആനകൾ)
3. ശ്രീ. കെ.വി ഉത്തമൻ (സിംഹവാലൻ കുരങ്ങ്)

**ഇടവേള**

4. ശ്രീ. ജെയിംസ് സഖറിയ ( വരയാട്)
5. ഡോ. പി.ഓ. നമീർ (സസ്തനികൾ)
6. ഡോ. ജാഫർ പാലോട് ( ഉരഗങ്ങൾ)

**1.30- 2.00 ഉച്ചഭക്ഷണം**

7. ഡോ. കെ.എ.ഷാജി (മത്സ്യങ്ങൾ)
8. ഡോ. എസ്. അനിത (സമുദ്ര ജീവികൾ)
9. ശ്രീ. ഡി.രാജ്കുമാർ (പക്ഷികൾ)
10. ഡോ. അനിൽ സഖറിയ ( ഉഭയജീവികൾ)

# സഞ്ചാരിപ്രാവ്

## വംശനാശത്തിന്റെ ശതാബ്ദി



## എ.വി. അഭിജിത്തിന്റെ
## പക്ഷി ഫോട്ടോ പ്രദർശനം
## സെമിനാർ

**ഡിസംബർ 28 – 31**
**മാനന്തവാടി**
**ലളിതകലാ അക്കാദമി**
**ആർട്ഗാലറിയിൽ**

---

**വയനാട് പ്രകൃതിസംരക്ഷണസമിതി**

# സഞ്ചാരി പ്രാവിന്റെ ഓർമ്മയ്ക്ക്

അമേരിക്കൻ ഐക്യനാടുകളിലെ സിൻസിനാറ്റി മൃഗശാലയിൽ കൂട്ടിലിട്ട് വളർത്തിയിരുന്ന മാർത്ത എന്ന പെൺപിറാവ് 1914 സെപ്റ്റംബർ 1 ന് മരിച്ചു. അതോടെ സഞ്ചാരി പ്രാവ് (Passenger Pigeon - *Ectopistes Migratorius*) എന്ന പക്ഷിജാതി ഭൂമുഖത്ത് നിന്ന് എന്നെന്നേയ്ക്കുമായി അപ്രത്യക്ഷമായി-വംശനാശമടഞ്ഞു. ഭൂമിയുടെ ചരിത്രത്തിൽ, അംഗംസഖ്യയിൽ ഒന്നാം സ്ഥാനത്ത് എത്തിയ പക്ഷിയാണ് സഞ്ചാരിപ്രാവ്. വലിയ പറ്റങ്ങളായി നീങ്ങുന്ന സ്വഭാവമുള്ള സഞ്ചാരി പ്രാവ് ഒരു പ്രദേശത്തിന് മുകളിലൂടെ പറന്ന് പോകുമ്പോൾ അവിടമാകെ, പൂർണ്ണസൂര്യഗ്രഹണ സമയത്തെന്നപോലെ ഇരുളിലാണ്ടുപോകുമായിരുന്നു. സൂര്യഗ്രഹണം പോലെ ഏതാനും മിനിറ്റുകളല്ല മണിക്കൂറുകളോളം; ചിലപ്പോൾ ദിവസങ്ങളോളം. പകലും രാത്രിയും. 1800-ൽ കെന്റകിയുടെ ആകാശത്തിലൂടെ കടന്നുപോയ ഒരു പക്ഷിക്കൂട്ടത്തിൽ 223 കോടി സഞ്ചാരി പ്രാവുകൾ ഉണ്ടായിരുന്നു എന്ന് ആദ്യകാല പ്രകൃതി ശാസ്ത്രജ്ഞൻ അലക്സാണ്ടർ വിൽസൻ രേഖപ്പെടുത്തിയിരിക്കുന്നു.

പക്ഷേ, വെള്ളക്കാരൻ അമേരിക്കയിൽ കാലുറപ്പിച്ച് ഒന്നര നൂറ്റാണ്ടിനകം സഞ്ചാരി പ്രാവ് നാമാവശേഷമായി. ഇറച്ചിയ്ക്കും തൂവലിനും വേണ്ടി മാത്രമല്ല, വിനോദത്തിന് വേണ്ടിവരെ പ്രാവുകളെ കുടിയേറ്റക്കാർ കൊന്നൊടുക്കി. തോക്കും, കവണയും, കഴയും, വലയും എല്ലാം ആയുധങ്ങളായി. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും എവിടേയും പ്രാവുകൾ വേട്ടയാടപ്പെട്ടു. ഏറ്റവും ഒടുവിൽ, 1878 മാർച്ചിനും ആഗസ്റ്റിനും ഇടയ്ക്ക്, മിഷിഗൻ സ്റ്റേറ്റിലെ പെറ്റോസ്കി എന്ന സ്ഥലത്ത് കൂടുകെട്ടിയിരുന്ന 100 കോടി പ്രാവുകളെയും പ്രാവിൻ കുഞ്ഞുങ്ങളെയുമാണ് കശാപ്പു ചെയ്തത്.

ബന്ധനത്തിലുള്ള പക്ഷികളെ പറത്തിവിട്ടിട്ട് വെടിവെച്ചിടുന്ന മത്സരങ്ങൾ അമേരിക്കയിൽ വലിയൊരു വിനോദവ്യവസായമായി വികസിച്ചു. 1825-നും 1880-നും ഇടയ്ക്ക് ഈ ആവശ്യത്തിനായി പ്രതിവർഷം 2.5-5.0 ലക്ഷം പക്ഷികളെ പിടിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു.

പെറ്റോസ്കിയിലെ 1878-ലെ കൂട്ടക്കൊല അത്തരത്തിലുള്ള നീണ്ടൊരു പരമ്പരയിലെ അവസാനത്തേതായിരുന്നു. അതോടുകൂടി വലിയ പ്രജനനകേന്ദ്രങ്ങൾ അവസാനിച്ചു. അങ്ങിങ്ങ് ചെറിയ ചില സംഘങ്ങൾ മാത്രം പ്രത്യക്ഷപ്പെട്ടു. മനുഷ്യന്റെ കണ്ണിൽപെട്ടവയെല്ലാം തോക്കിനിരയാവുകയും ചെയ്തു.

വേട്ട മാത്രമായിരുന്നുവെങ്കിൽ സഞ്ചാരി പ്രാവ് ഇത്രപെട്ടെന്ന് അവസാനിക്കുമായിരുന്നില്ല. അതിന്റെ ആവാസ വ്യവസ്ഥയ്ക്കുണ്ടാക്കിയ നാശം വംശനാശത്തിന്റെ വേഗം വർദ്ധിപ്പിച്ചു. പ്രാവുകൾ കൂടുകെട്ടിയിരുന്ന മരങ്ങൾ അരിഞ്ഞു വീഴ്ത്തുന്നതാണ് കുഞ്ഞുങ്ങളെ പിടിക്കാൻ ഏറ്റവും എളുപ്പമുമുള്ള മാർഗ്ഗം. കൃഷിയ്ക്കുവേണ്ടിയും ധാരാളം കാട് തെളിക്കപ്പെട്ടു. ഇതോടെ പ്രാവുകൾക്ക് നിൽക്കക്കള്ളിയില്ലാതായി. ആയിരത്തി തൊള്ളായിരത്തിന് ശേഷം ആരും സഞ്ചാരി പ്രാവിനെ സ്വതന്ത്രമായി കണ്ടിട്ടില്ല. ചില മൃഗശാലകളിൽ ഏതാനും പ്രാവുകൾ അവശേഷിച്ചു. അവയിൽ ഒടുവിലെത്തേതായിരുന്നു മാർത്ത.

സഞ്ചാരി പ്രാവിന്റെ കഥ ഒറ്റപ്പെട്ട സംഭവമല്ല. അമേരിക്കയിൽ തന്നെ കരോളിനാ തത്തയും ( Carolina Parakeet ), ദന്തച്ചുണ്ടൻ മരംകൊത്തിയും ( Ivorybilled Woodpecker), ഹീത്ത് ഹെന്നും ( HeathHen) മറ്റും തൊട്ടുപിന്നാലെ പോയി. അമേരിക്കയിൽ മാത്രമല്ല, ലോകം മുഴുവൻ ഇതു തന്നെ സംഭവിച്ചു കൊണ്ടിരിക്കുന്നു. പക്ഷികൾക്ക് മാത്രമല്ല, മറ്റു മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഒന്നിനും രക്ഷയില്ല. ദിവസം ഒരു ജൈവജാതി വീതം ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണന്ന് 1984-ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ, സുപ്രസിദ്ധ പരിസ്ഥിതി ശാസ്ത്രജ്ഞൻ നോർമൻ മെയേഴ്സ് കണക്കാക്കിയിരിക്കുന്നു.

ഭൂമി വമ്പിച്ചൊരു കൂട്ട വംശനാശത്തിന്റെ ജ്വരമൂർച്ഛയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ് എന്നർത്ഥം. ഇതിന് മുമ്പുണ്ടായ അഞ്ച് കൂട്ട വംശനാശങ്ങൾക്കും കാരണം പ്രകൃതിയിലുണ്ടായ വമ്പിച്ച മാറ്റങ്ങളോ ഉൽക്കാപതനം പോലുള്ള അപകടങ്ങളോ ആയിരുന്നു. ഈ ആറാമത്തെ കൂട്ട വംശനാശത്തിന് കാരണം ഒരൊറ്റ മൃഗമാണ് - മനുഷ്യൻ ( ഹോമോസാപിയൻസ് ). ഡൈനോസോറുകളുടെ സമ്പൂർണ്ണ തിരോധാനത്തിന് കാരണമായ, ആറരക്കോടി വർഷംമുമ്പുണ്ടായ, കൂട്ട വംശനാശത്തിൽ ആയിരം വർഷത്തിൽ ഒരു ജൈവജാതിയെന്ന കണക്കിലാണ് തിരോഭവിച്ചത് എന്ന് മേയേഴ്സ് ചൂണ്ടിക്കാട്ടുന്നു. ഇപ്പോഴത്തെ കൂട്ടവംശനാശം ഒരു രോഗമല്ല. ഭൂമിയെ ബാധിച്ചിരിക്കുന്ന കടുത്ത രോഗത്തിന്റെ ലക്ഷണങ്ങളിലൊന്നാണ്. ഈ രോഗം മൂലം ഭൂമിയിലെ ജീവൻ അപ്പാടെ അസ്തമിച്ചില്ലെങ്കിലും, മനുഷ്യനടക്കം ബഹുഭൂരിപക്ഷം ജീവികളും സഞ്ചാരി പ്രാവിനെപ്പോലെ മറവിയിലാണ്ടുപോകുന്ന കാലം വിദൂരമല്ല. ഇതത്രേ സഞ്ചാരി പ്രാവിന്റെ വംശനാശത്തിന്റെ ശതാബ്ദി നൽകുന്ന സന്ദേശം.

.

സഞ്ചാരിപ്രാവിന്റെ ഓർമ്മയ്ക്ക് വയനാട് പ്രകൃതി സംരക്ഷണ സമിതി മാനന്തവാടിയിൽ ഫോട്ടോപ്രദർശനവും സെമിനാറും നടത്തുന്നു. 11-ാം ക്ലാസ് വിദ്യാർത്ഥിയായ എ. വി. അഭിജിത്ത് എടുത്ത പക്ഷികളുടെയും മറ്റ് മൃഗങ്ങളുടെയും ചിത്രങ്ങളുടെ പ്രദർശനം, 2014 ഡിസംബർ 28 ന് ഉച്ചക്ക് 3 മണിക്ക് ലളിതകലാ അക്കാദമി ആർട്ട്ഗാലറിയിൽ ഉദ്ഘാടനം ചെയ്യും. 29,30,31 തീയ്യതികളിൽ പ്രദർശനം തുടരും. പ്രദർശനത്തിന്റെ സമാപനത്തിൽ ഡിസംബർ 31 ഉച്ചക്ക് 2 മണി മുതൽ ജീവജാലങ്ങളുടെ വംശനാശവും ഭൂമിയുടെ ഭാവിയും എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാർ നടക്കും

എല്ലാവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

---

എൻ. ബാദുഷ (പ്രസിഡണ്ട് വയനാട് പ്രകൃതി സംരക്ഷണ സമിതി)

മനുഷ്യന്റെ അത്യാർത്തിയും അവിവേകവും മൂലം സംഭവിക്കാൻ പോകുന്ന ആറാം കൂട്ട വംശത്തിന്റെ വ്യാകുലതകൾ പങ്കുവയ്ക്കുന്നതിനും ബോധവൽക്കരണത്തിനുമായാണ്

31 ബുധനാഴ്ച ഉച്ചയ്ക്ക് 2 മണി

സെമിനാർ



## ജീവജാലങ്ങളുടെ വംശനാശം

ശ്രീ. ടി.പി.പത്മനാഭൻ മാസ്റ്റർ

ശ്രീമതി എസ്. അനിത

ഡോ. അനിൽ സഖറിയ

എ.വി. അഭിജിത്തിന്റെ പക്ഷിചിത്രങ്ങളുടെ പ്രദർശനവും ദ്വിദിന സെമിനാറും സംഘടിപ്പിക്കുന്നു. എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.



## എ.വി. അഭിജിത്തിന്റെ പക്ഷി ഫോട്ടോ പ്രദർശനം

ഡിസംബർ 28–31

28 ഞായറാഴ്ച

വൈകീട്ട് 3 മണിക്ക് ഉദ്ഘാടനം